# കുറുവ ഗ്രാമ പഞ്ചായത്ത്

# 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.- കെ എസ് എ എം 11/1432/201

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,മലപ്പുറം
തീയതിഃ 01-08-2017

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറുവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.8/17

നം.കെഎസ്എംപിഎം.11/1432/2017

തീയതി:1-8-17

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.09.2016 മുതൽ 13.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.06.2017 മുതൽ 22.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ .എം.ദിനേശൻ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സന്തോഷ്.പി.ടി., അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. യൂസഫ് പി,സീനി.ഗ്രേ. ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് സിയാദ് .പി.പി., സീനി.ഗ്രേ.ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. യൂസഫ് മുല്ലപ്പള്ളി | 01.04.16മുതൽ31.03.17വരെ |
| സെക്രട്ടറി | ശ്രീ.രാജീവ്.കെ.,അസി.സെക്രട്ടറി | 01.04.16മുതൽ12.05.16വരെ |

| | | |
|---|---|---|
| | (അഡീ. ചാർജ്ജ് ) | 25.08.16മുതൽ04.09.16വരെ<br>29.12.16മുതൽ09.01.17വരെ |
| | ശ്രീ.ഹക്കീം .എ ,ഹെഡ് ക്ലർക്ക് (അഡീ. ചാർജ്ജ് ) | 13.05.16മുതൽ23.05.16വരെ |
| | ശ്രീ.ഷറഫുദ്ധീൻ. ഇ. | 24.05.16മുതൽ24.08.16വരെ<br>05.09.16മുതൽ28.12.16വരെ<br>10.01.17മുതൽ08.02.17വരെ |
| | ശ്രീ.ഹബീബ്.വി.എച്ച്. | 09.02.17മുതൽ19.03.17വരെ |
| | ശ്രീമതി.ആനിയമ്മ ജോർജ് , അസി.സെക്രട്ടറി (അഡീ. ചാർജ്ജ് ) | 20.03.17മുതൽ31.03.17വരെ |

മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.രാജീവ്.കെ | 01.04.16മുതൽ24.02.17വരെ |
| | ശ്രീമതി.ആനിയമ്മ ജോർജ് | 25.02.17മുതൽ31.03.17വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. സൈതലവി.എം.ഇ. | 01.04.16മുതൽ02.06.16വരെ |
| | ശ്രീ.വിജയൻ.പി. | 03.06.16മുതൽ31.03.17വരെ |
| അസി.എഞ്ചിനീയർ | ശ്രീ.മനോജ്.കെ.ജി. | 01.04.16മുതൽ15.07.16വരെ |
| | ശ്രീമതി.ഷറീൻ ബീഗം. | 16.07.16മുതൽ30.08.16വരെ |
| | ശ്രീ.സന്തോഷ് കുമാർ.ആർ. | 31.08.16മുതൽ31.03.17വരെ |
| വെറ്ററിനറി സർജൻ | ഡോ.സ്മിത സി.എസ്. | 01.04.16മുതൽ12.04.16വരെ<br>01.12.16മുതൽ06.02.17വരെ |
| | ഡോ.മുജീബ്റഹ്മാൻ | 16.04.16മുതൽ30.11.16വരെ |
| | ഡോ.സൈഫുദ്ധീൻ.പി. | 08.02.17മുതൽ31.03.17വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.മിനി.കെ.പി. | 01.04.16മുതൽ31.03.17വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി.) | ഡോ. ഉഷ.എ. | 01.04.16മുതൽ30.09.16വരെ |
| | ഡോ.പ്രസന്നകുമാർ. | 01.10.16മുതൽ31.03.17വരെ |
| മെഡിക്കൽഓഫീസർ-(ആയുർവ്വേദം) | ഡോ. ഉഷാവത്ത്.സി. | 01.04.16മുതൽ31.03.17വരെ |
| മെഡിക്കൽഓഫീസർ-(ഹോമിയോ) | ഡോ.സുമയ്യ.പി. | 01.04.16മുതൽ31.03.17വരെ |
| വി.ഇ.ഒ | ശ്രീമതി.ഉഷാദേവി.കെ. | 01.04.16മുതൽ31.03.17വരെ |
| കൃഷി ഓഫീസർ | ശുഹൈബ് തൊട്ടിയൻ | 01.04.16മുതൽ31.03.17വരെ |

| | | |
|---|---|---|
| ഡി.ഇ.ഒ | ശ്രീമതി.നസീമ.കെ. | 01.04.16മുതൽ31.03.17വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 2 | തൊഴിൽ നികുതി:അപാകതകൾ | 2-2 | |
| 3 | രശീതി പരിശോധന:അപാകതകൾ | 2-3 | |
| 4 | റേഷൻ കടകൾക്ക് ലൈസൻസും നികുതിയും ഇല്ല | 2-4 | |
| | ഭാഗം 3 | | |
| 1 | വിട്ടുകിട്ടാത്ത ഭൂമിയിൽ കുടിവെള്ള പദ്ധതി നടപ്പാക്കി | 3-1 | |
| 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-2 | |
| 3 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു | 3-3 | |
| 4 | അയ്യാത്ത പറമ്പ്-തോണിക്കല്ല് റോഡ്-കോടതി വിധി പ്രതികൂലമായി ,ഗ്രാമപഞ്ചായത്തിന് നഷ്ടം | 3-4 | |
| 5 | കുറുവ ഗ്രാമീണശുദ്ധജലപദ്ധതി-പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്. | 3-5 | |
| 6 | വിദേശജോലിക്ക് ധനസഹായം-അപാകതകൾ | 3-6 | |

| | | | |
|---|---|---|---|
| 7 | വി ഇ ഒ നിർവഹണം നടത്തിയ പ്രോജെക്റ്റുകളിലെ അപാകതകൾ | 3-7 | |
| 8 | പി.എച്ച്.സി:മരുന്ന ലഭ്യമായില്ല | 3-8 | |
| 9 | നിർദിഷ്ട എൻ.എ.സി ലഭ്യമാക്കുന്നില്ല | 3-9 | |
| 10 | എസ്റ്റിമേറ്റ് ലഭ്യമാക്കാതെ മുൻകൂർ നൽകി | 3-10 | |
| 11 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയിൽ കുറവ് | 3-11 | |
| 12 | ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല. | 3-12 | |
| | ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്: | 4-3. | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 6 | ഓഡിറ്റ് റിക്കവറി | 4-6. | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7. | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 28.03.16തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 30.05.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14.06.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്കിലെ അപാകതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).വാർഷിക കണക്കുകളുടെ കൂടെ അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല.

3).ധനകാര്യവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

4).അക്രുവൽ അടിസ്ഥാനത്തിലെക്ക് മാറുന്ന തൊട്ടുമുൻപുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

5).പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7).തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയും വാർഷിക കണക്ക് പ്രകാരമുള്ള കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8).2015-16 വാർഷിക കണക്ക് ,ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം ,വസ്തു നികുതി (റെസിഡൻഷ്യൽ ബിൽഡിംഗ്) തന്നാണ്ട് കുടിശ്ശിക 5,06,374 രൂപയും മുൻ വർഷ കുടിശ്ശിക 3,29,034 രൂപയും കൂടി ആകെ കുടിശ്ശിക 8,35,408 രൂപ മാത്രമാണ്. എന്നാൽ 2016-17 വാർഷിക കണക്ക് RP 43 ഷെഡ്യൂൾ പ്രകാരം 16,57,536 രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. ഇപ്രകാരം നോൺറെസിഡൻഷ്യൽ ബിൽഡിംഗ് ഇനത്തിൽ 2015-16 വർഷം കുടിശ്ശിക യാതൊന്നും തന്നെ ഇല്ലെങ്കിലും 2016-17 വർഷം 2,59,939 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,61,67,757 |
| വരവ് | 5,91,88,071 |
| ആകെ | 8,53,55,828 |
| ചെലവ് | 5,08,24,268 |
| നീക്കിയിരിപ്പ് | 3,45,31,560 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/സർക്കാർ തിരിച്ചെടുത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 00 | 1,88,28,314 | 1,88,28,314 | 1,20,92,200 | 67,36,114 | 64.22 |
| വികസനഫണ്ട് എസ്.സി.പി. | 00 | 44,09,469 | 44,09,469 | 21,31,401 | 22,78,068 | 48.34 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 42,582 | 42,582 | 00 | 42,582 | 00 |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 81,01,431 | 81,01,431 | 17,28,710 | 63,72,721 | 21.34 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 00 | 50,87,484 | 50,87,484 | 41,93,190 | 8,94,294 | 82.42 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 00 | 1,05,58,814 | 1,05,58,814 | 60,53,559 | 45,05,255 | 57.33 |
| പെർഫോമൻസ് ഗ്രാന്റ് | 00 | 55,29,630 | 55,29,630 | 49,48,264 | 5,81,366 | 89.49 |
| എ.എൻ. ആർ. ഇ.ജി.എസ്. | 12,200 | 1,39,82,235 | 1,39,94,435 | 1,38,89,000 | 1,05,435 | 99.25 |
| ബി ഫണ്ട് | 00 | 5,11,59,640 | 5,11,59,640 | 5,11,59,640 | 00 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 75805392 | 130 | 40489646 | 00 | 83 | 61.03 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 49.99 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1068420 | 1073500 | 5080 | 0.48 |
| നികുതിയേതര വരവുകൾ | 1242625 | 1444792 | 202167 | 16.27 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 3754695 | 515206 | -3239489 | -86.28 |
| ആകെ | 6065740 | 3033498 | -3032242 | -49.99 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74,400 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 36,27,670 | 392 |
| വിധവാപെൻഷൻ | 1,90,30,310 | 1,673 |
| വാർദ്ധക്യകാലപെൻഷൻ | 2,22,56,910 | 2,055 |
| വികലാംഗപെൻഷൻ | 52,08,990 | 510 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 4,50,000 | 15 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,11,360 | 39 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,776/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. വെറ്ററിനറി സർജൻ , ഹെഡ് മാസ്റ്റർ,വി.ഇ.ഒ., എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7A ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.17 മുതൽ 17.05.17 വരെ | 2017ജനുവരി, ഫെബ്രുവരി | 03.06.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.07.2008 മുതൽ 19.07.2008വരെ | 1997-98 മുതൽ 2007-08 വരെ | 29.08.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | കെട്ടിട നം. | വസ്തു ഉടമയുടെ പേര് |
|---|---|---|
| 1 | 9/577/A | ശ്രീമതി വിരിയക്കുട്ടി |
| 2 | 13/498E | ശ്രീ ആലുങ്ങൽ മുഹമ്മദ് കുട്ടി |

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം മേൽ കെട്ടിടങ്ങളിൽ നിന്നും നികുതി 2013-14 വർഷം മുതൽ ഇരു അർധവർഷങ്ങളിലുമായി കുടിശ്ശികയാണ്. ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റ് എൻക്വയറി നം.15/22.6.2017മുഖേന ആവശ്യപ്പെട്ടിരുന്നു. നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/26/06/2017 )മറുപടി നൽകിയിട്ടുണ്ട് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി:അപാകതകൾ

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന റജിസ്റ്ററോ മേൽ വിവരങ്ങൾ പരിശോധിക്കാൻ യുക്തമായ മറ്റു രേഖകളോ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 രശീതി പരിശോധന:അപാകതകൾ

ഇഷ്യൂ ചെയ്ത രശീതി നാളിതു വരെ ഉപയോഗിച്ചില്ല.

| രശീതി നം. | തിയതി | ഇഷ്യൂ ചെയ്തത് | റിമാർക്സ് |
|---|---|---|---|
| 50891 | 1.10.2016 | ശ്രീ അബ്ദുസ്സലാം,ക്ലർക്ക് | ഇതുവരെ ഒരു ലീഫും ഉപയോഗിച്ചിട്ടില്ല. |
| 50892 | “” | ശ്രീമതി വിശാലാക്ഷി ജെബിസി. | ടി |

| | | | |
|---|---|---|---|
| 50893 | “” | ശ്രീ.ശ്രീകുമാർ ക്ലർക്ക് | ടി |
| 50896 | “” | കൃഷി ഓഫീസർ | ടി |

ആവശ്യകത വിലയിരുത്താതെ വിതരണം ചെയ്ത മേൽ രശീതികൾ സ്റ്റോക്കിലേക്ക് തിരികെ എടുക്കേണ്ടതും ആവശ്യമാകുന്ന മുറക്ക് മാത്രം ഇഷ്യൂ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 റേഷൻ കടകൾക്ക് ലൈസൻസും നികുതിയും ഇല്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, വിലാസം,2016-17 വർഷത്തിൽ ഈടാക്കിയ ലൈസൻസ് ഫീ, ജീവനക്കാരുടെ തൊഴിൽ നികുതി(സ്ഥാപന വിഹിതം ഉൾപ്പെടെ) എന്നിവ സംബന്ധിച്ചുള്ള വിശദാംശം ഓഡിറ്റ് എൻക്വയറി നം. 11/ 21.06.2017മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. റേഷൻ കടകൾ ഉൾപ്പടെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടു കൂടി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ബന്ധപ്പെട്ട നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനു ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിട്ടുകിട്ടാത്ത ഭൂമിയിൽ കുടിവെള്ള പദ്ധതി നടപ്പാക്കി

വറ്റല്ലൂർ-ചീരാമത്ത് - തോട്ടുങ്കര കുടിവെള്ള വിതരണ പദ്ധതി - പദ്ധതി പ്രദേശം കൈമാറിയത് - നടപടി പൂർത്തിയാക്കിയിട്ടില്ല.

പ്രൊജക്ട് നം : 209/17

അടങ്കൽ : 495000/-

ചെലവ് : 495000/- ബിൽ നം.68/28.3.17

മുപ്പത്തൊന്ന് കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണ ചെയ്യുന്നതിനുള്ള ഈ പ്രൊജക്ടിന് കിണർ കുഴിക്കുന്നതിനും ടാങ്ക് സ്ഥാപിക്കുന്നതിനും വേണ്ട സ്ഥലം, കുറുവ വില്ലേജിലെ വറ്റല്ലൂർ ദേശത്ത് ഈ പദ്ധതിയുടെ ഗുണ ഭോക്തൃകമ്മിറ്റി വാങ്ങി,കിണർ കുഴിച്ച ശേഷം പഞ്ചായത്തിന് വിട്ട് നൽകിയതാണ്. പദ്ധതിക്ക് വേണ്ട മോട്ടോർ വാങ്ങിയതും ഗുണഭോക്തൃ സമിതിയാണ്. പമ്പ് ഹൌസ്, ടാങ്ക്, വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് പഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ളത്. ഇതിന് മേൽപ്പറഞ്ഞ പ്രകാരം തുക ചെലവായിട്ടുണ്ട്.

ഗുണഭോക്തൃ സമിതി പഞ്ചായത്തിന് മേൽപ്പറഞ്ഞ പ്രകാരം വിട്ട് നൽകിയ ഭൂമി ഏറ്റെടുക്കുന്നതിന് 14/24.1.17 നമ്പർ തീരുമാനമായി ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ലാന്റ് റിലിൻക്വിഷ് മെന്റ് ഫോറം റവന്യൂ അധികാരികൾക്ക് അയച്ച് കൊടുത്ത് ഭൂമിയുടെ ഉടമസ്ഥത നിലവിലെ ഉടമസ്ഥർ വിട്ടൊഴിഞ്ഞതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, ഭൂമിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥത നിയമ പരമായി സ്ഥാപിച്ച് കിട്ടുന്നതിനും യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ സമിതി ഭൂമിയുടെ ഉടമസ്ഥത നിയമപ്രകാരം വിട്ടൊഴിഞ്ഞതായി

കണക്കാക്കാനാകില്ല. ഈ സാഹചര്യത്തിൽ, മേൽപ്പറഞ്ഞ നടപടി ക്രമം പൂർത്തിയാക്കുന്നതിനൊ, അല്ലെങ്കിൽ ഭൂമി പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിനൊ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം :80/16-17

അടങ്കൽ :275000.00 (പ്ലാൻ)

110000.00 (ബ്ലോക്ക് വിഹിതം)

ചെലവ് :275000.00 ബിൽ നം.1/30.3.2017

നിർവ്വഹണം :ഡയറി ഫാം ഇൻസ്പെക്ടർ

ചേണ്ടി ക്ഷീര സഹകരണ സംഘത്തിലെ 100 ക്ഷീര കർഷകർക്കും വാഴക്കാട് ക്ഷീര സഹകരണ സംഘത്തിലെ 18 ക്ഷീര കർഷകർക്കും അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും മൂന്ന് രൂപ വീതം ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട്. ബ്ലോക്ക് വിഹിതം ലഭ്യമാകാത്തതിനാൽ പ്രൊജക്ട് 2017-18 ൽ സ്പിൽ ഓവർ ആയി തുടരുകയാണ്. തൻ വർഷം മേൽപ്പറഞ്ഞ പ്രകാരം 275000.00 രൂപ ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 203132.00 രൂപ ചേണ്ടി ക്ഷീര സഹകരണ സംഘത്തിന്റെ പേരിൽ യൂണിയൻ ബാങ്കിന്റെ മലപ്പുറം ശാഖയിലുള്ള 5594020100693 നമ്പർ അക്കൌണ്ടിൽ 30.3.17 ന് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. സംഘത്തിന് തുക നൽകുമ്പോൾ, ആയത് ഏതെല്ലാം ഗുണഭോക്താക്കൾക്ക് എത്ര രൂപ വച്ച് നൽകേണ്ടതാണ് എന്ന് വ്യക്തമാക്കുന്ന ഒരു ഉത്തരവും നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടില്ല. ഇതു മൂലം പ്രസ്തുത തുക നാളിതുവരെ സംഘത്തിന്റെ അക്കൌണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കാൻ ഇടയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുക ഗുണഭോക്താക്കൾക്ക് നൽകുന്നതുവരെ പ്രസ്തുത തുകക്ക് മേൽ ആർജിക്കുന്ന ബാങ്ക് പലിശ കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) 275000.00 രൂപയിൽ അവശേഷിക്കുന്ന 71868.00 രൂപ വാഴക്കാട് ക്ഷീര സഹകരണ സംഘത്തിലെ 18 ഗുണഭോക്താക്കൾക്ക് അനുവദിച്ചതാണ്. പ്രസ്തുത തുക ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും, കർഷകരുടെ അർഹത വ്യക്തമാക്കുന്ന, പാൽ അളന്നതിന്റെ മൊത്തം കണക്ക് വ്യക്തമാക്കുന്ന, ക്ഷീര സഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ചേണ്ടി ക്ഷീര സഹകരണ സംഘത്തിലെ ഗുണഭോക്താക്കളെ സംബന്ധിച്ചും ഇതേ അപാകത നില നിൽക്കുന്നുണ്ട്.

അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 275000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകൾ

അവയ്ക്ക് നേരേ കാണിച്ച കാരണങ്ങളാൽ തടസ്സം ചെയ്യുന്നു.

| ക്രമനമ്പർ | വൗച്ചർ നംമ്പർ/തീയതി | വിശദാംശങ്ങൾ | തുക | ബിൽ നംമ്പർ/തീയതി | ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖ |
|---|---|---|---|---|---|
| 2 | 21600785<br>13-3-17 | പി എം എ വൈ വിഹിതം നൽകൽ<br>പട്ടികജാതി<br>SOO97/17 | 100000 | 27/3-3-17 | മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രശീതി , വിനിയോഗ സാക്ഷ്യപത്രം |
| 3 | 21600786<br>13-3-17 | പി എം എ വൈ വിഹിതം നൽകൽ<br>ജനറൽ<br>SOO95/17 | 320000 | 26/3-3-17 | മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രശീതി , വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 420000 | | |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നംമ്പർ 8/20-6-17 നൽകിയിരുന്നു. എങ്കിലും വ്യക്തമായ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല.

## 3-4 അയ്യാത്ത പറമ്പ്-തോണിക്കല്ല് റോഡ്-കോടതി വിധി പ്രതികൂലമായി ,ഗ്രാമപഞ്ചായത്തിന് നഷ്ടം

അയ്യാത്തപറമ്പ്-തോണിക്കല്ല് റോഡിന് ഓവ് പാലം നിർമ്മാണം(പ്രോജെക്ട്നംമ്പർ-88/10)ന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ശ്രീ കെ പി അബൂബക്കർ കോൺട്രാക്ടർക്ക് 75000രൂപയും 6% പലിശയും കോടതി ചെലവ് 15343 രൂപയും നൽകാൻ OS32/13കേസ് പ്രകാരം കോടതിവിധിയായിട്ടുണ്ട്.ആയത് പ്രകാരം താഴെ പറയുന്ന വിധത്തിൽ ശ്രീ കെ പി അബൂബക്കറിന് തനത് ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നംമ്പർ/തീയതി | തുക | ഇനം |
|---|---|---|
| 21600112/6-6-16 | 28585 | പലിശ -13242<br>കോടതി ചെലവ്-15343 |
| 21600111/6-6-16 | 65330 | പ്രവൃത്തി മൂല്യം |

ആകെ പ്രവൃത്തിയുടെ മൂല്യം-75000

'ടി എസിൽ പരിമിതപ്പെടുത്തിയത്-69500

വാറ്റ് @4%-2780

ഐടി@1%-695

കെ സി ഡബ്ളിയു ഡബ്ളിയു എഫ്@1%-695

കോൺട്രാക്ടർക്ക നൽകിയത്-65330

ഡിഡി നംമ്പർ-050982/6-6-16 പ്രകാരം 93915 രൂപ ശ്രീ കെ പി അബൂബക്കന് നൽകിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല.

2009-10 ൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 2010-11

വാർഷികപദ്ധതിയിൽ മേൽ പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചില്ല എന്നാണ് പഞ്ചായത്തിന്റെ വാദം.എന്നാൽ ആ വാദം കോടതി അംഗീകരിച്ചിട്ടില്ല.തുക കോൺട്രാക്ടർക്ക് നൽകേണ്ട സമയത്ത് ആയത് അനുവദിക്കാതെ വർഷങ്ങളോളം പിടിച്ചുവച്ചതിനാലാണ് പ്രസ്തുത സാഹചര്യം ഉണ്ടായത്.

കോടതി വിധിക്കെതിരെ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കിയതിലും കേസ് നടത്തിപ്പിലും

പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.വിധിക്കെതിരെ അപ്പീൽ സമർപ്പിക്കേണ്ടതില്ല എന്ന്

ഗവ പ്ളീഡർ നിയമോപദേശം നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നംമ്പർ 16/22-6-17 നൽകിയെങ്കിലും കേസ് സംബന്ധിച്ച എല്ലാ രേഖകളും പഞ്ചായത്ത് ലഭ്യമാക്കിയില്ല.പലിശയിനത്തിലുണ്ടായ ചെലവ് 13242രൂപ.കോൺട്രാക്ടർക്ക് യഥാസമയം തുക അനുവദിക്കുന്നതിന് വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കുറുവ ഗ്രാമീണശുദ്ധജലപദ്ധതി-പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജെക്ട് നമ്പർ-SO213/17

കുറുവ ഗ്രാമീണശുദ്ധജലവിതരണ പദ്ധതി(ഡെപ്പോസിറ്റ് വർക്ക്-കേരള വാട്ടർ അതോറിറ്റി)

അടങ്കൽ-2000000 തനത് ഫണ്ട് - 981393

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1018607

നിർവഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

കുറുവ ഗ്രാമപഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലെ 1000 കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുവാൻ 2008 ൽ കമ്മീഷൻ ചെയ്ത പദ്ധതിയാണിത്. രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതി വിപുലീകരിക്കാൻ കിണറും മോട്ടോറും പമ്പ്സെറ്റും നിർമ്മിക്കാണ് 2000000രൂപ 2016-17 ൽ വകയിരുത്തിയത്.ആയത് പ്രകാരം 6-3-17 ന് കേരള വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും തുക വാട്ടർഅതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മങ്കട അസി.എഞ്ചിനീയറുടെ താഴെ പറയും പ്രകാരമുള്ള എസ്റ്റിമേറ്റിന്റെഅടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്.

| ഇനം | വകയിരുത്തിയ തുക |
|---|---|
| കിണർ(dia 5 m) | 860000 |
| പമ്പ്സെറ്റ് | 816250 |
| റെഡിമെയ്ഡ് പമ്പ്സെറെറ് | 70000 |
| സെന്റേജ് ചാർജ്(12.5%) | 218281.25 |
| മറ്റുള്ളവ | 35468.75 |
| ആകെ | 2000000 |

1018607 രൂപ ട്രഷറിയിൽ നിന്നും(ബിൽ നംമ്പർ-31/29-3-17),981393 രൂപ തനത് ഫണ്ടിൽ നിന്നും(ചെക്ക് നംമ്പർ -1708611/27-3-17) പിൻവലിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി ,പിഎച്ച് ഡിവിഷൻ മലപ്പുറത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.22-6-17 ന

നടത്തിയ സ്ഥല പരിശോധനയിൽ കിണർ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചതായി കാണാൻ കഴിഞ്ഞു.പദ്ധതിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-6 വിദേശജോലിക്ക് ധനസഹായം-അപാകതകൾ

2016-17 വർഷത്തിൽ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി പ്രോജെക്ട് നംമ്പർ S0090/17 എസ് സി യുവജനങ്ങൾക്ക് വിദേശജോലിക്ക് ധനസഹായം എന്ന പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് വികസനഫണ്ട് എസ് സി പി യിൽ നിന്നും 50000 രൂപ പിൻവലിച്ചിട്ടുണ്ട്.ബിൽ നംമ്പർ-2/2016-17 തി.9-3-17.മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ഷിനു ചന്ദ്രൻ എന്ന ഗുണഭോക്താവിന് ധനസഹായമായി 50000 രൂപ നൽകിയിട്ടുണ്ട്.എന്നാൽ ധനസഹായം കൈപ്പറ്റിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റോ പാസ്ബുക്കോ ലഭ്യമാക്കിയില്ല.

2 12ം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചു പ്രകാരം പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

മേൽ കാണിച്ച കാരണങ്ങളാൽ 50000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താവ് വിദേശത്തായതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞില്ലെന്നറിയിച്ചു.

## 3-7 വി ഇ ഒ നിർവഹണം നടത്തിയ പ്രോജെക്ടുകളിലെ അപാകതകൾ

1. പ്രോജെക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പല്ല നടത്തിയിട്ടുള്ളത്.സി ഡി എസ് പ്രസിഡന്റും കുടുംബശ്രീ അക്കൗണ്ടന്റുമാണ് മോണിറ്ററിംഗ് നടത്തിയിട്ടുള്ളത്.മോണിറ്ററിംഗ് റിപ്പോർട്ട് പൂർണ്ണമല്ല.

2. എൽഎസ്ജിഡി എഞ്ചിനീയർക്കു പകരം ഓവർസിയറാണ് ഭവനപുനരുദ്ധാരണ പദ്ധതികളുടെ വാല്വേഷൻ നടത്തിയിട്ടുള്ളത്.

4 ഭവനപുനരുദ്ധാരണ പ്രോജെക്ടിൽ ഗുണഭോക്താക്കളുടെ സംയുക്ത അക്കൗണ്ടിലേക്കല്ല തുക കൈമാറിയിട്ടുള്ളത്.

ജി ഒ(എംഎസ്)4/2016 തസ്വഭവ 11-1-2016 12ം പദ്ധതി പുതുക്കിയ മാർഗ്ഗരേഖയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പാലിച്ചുകൊണ്ട് പ്രോജെക്ട് നിർവഹണം നടത്താൻശ്രദ്ധിക്കേണ്ടതാണ്.

## 3-8 പി.എച്ച്.സി:മരുന്നു ലഭ്യമായില്ല

മെഡിക്കൽ ഓഫിസർ നിർവഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ (പ്രൊ.നം.38/16-17) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിനു 6 ലക്ഷം രൂപ ബിൽ നം.9/16-17 തി.25.1.2017 മുൻകൂർ ആയി നല്കിയെങ്കിലും മേൽ തുകക്കുള്ള മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല. മാത്രമല്ല മുൻകൂർ ആയി തുക നല്കുമ്പോൾ കരാർ ചമച്ചതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. മരുന്നു ലഭ്യമാക്കി സ്റ്റോക്ക് വിവരം ഹാജരാക്കുന്നത് വരെ ചെലവു തുക 6,00000 തടസം ചെയ്യുന്നു.

## 3-9 നിർദിഷ്ട എൻ.എ.സി ലഭ്യമാക്കുന്നില്ല

ജി.ഒ.(എം.എസ്.)4/2016ത.സ്വ.ഭ.വ തി. 11.1.2016പ്രകാരം ആരോഗ്യ കേന്ദ്രങ്ങളിൽ മുടക്കം കൂടാതെ മരുന്നിന്റെ ലഭ്യത ഉറപ്പാക്കേണ്ടത് ആരോഗ്യ വകുപ്പാണ്. വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന മരുന്നു മതിയായ അളവിൽ ലഭ്യമാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ.യിൽ നിന്നു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ ശേഷം മാത്രമാണ് മരുന്ന് വാങ്ങുന്നതിന് ഓരോ വർഷവും

പ്രോജക്റ്റ് രൂപീകരിക്കാൻ തന്നെ അനുമതിയുള്ളത്.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി&ഹോമിയോ) ഇപ്രകാരമുള്ള അവൈലബിലിറ്റി/നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. ലഭ്യമാക്കിയിട്ടുള്ളത് മരുന്ന് വിതരണ ഏജൻസികളിൽ നിന്ന് മരുന്ന് ലഭ്യമാണോ എന്നത് സംബന്ധിച്ചുള്ള സാക്ഷ്യപത്രമാണ്. ആരോഗ്യ വകുപ്പും ഗ്രാമ പഞ്ചായത്തും മരുന്ന് വാങ്ങുന്നത് ഒരേ ഏജൻസിയിൽ നിന്നു തന്നെ ആയതിനാൽ പ്രസ്തുത സർട്ടിഫിക്കറ്റിന് പ്രസക്തിയില്ലാത്തതാണ്. മാത്രമല്ല അത്തരം ഒരു സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുമില്ല. മാർഗ്ഗരേഖയിൽ നിർദേശിച്ച സാക്ഷ്യപത്രം ലഭ്യമാക്കാതെ പ്രൊജക്റ്റ് തയാറാക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

## 3-10 എസ്റ്റിമേറ്റ് ലഭ്യമാക്കാതെ മുൻകൂർ നൽകി

പ്രോജക്റ്റ് നം. SO098/17 , ഗേൾസ് ടോയ് ലെറ്റ് കം വെൻഡിംഗ് മെഷീൻ.

ബിൽ നം.3/16-17 /18.03.2017 തുക. 108434/- (CFC)

നിർവ്വഹണം : ഹെഡ് മാസ്റ്റർ

പാങ്ങ് ഗവ.യു.പി.സ്കൂളിൽ ഗേൾസ് ടോയ് ലെറ്റ് കം വെൻഡിംഗ് മെഷീൻ , നാപ്കിൻ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കൽ, നാപ്കിൻ വിതരണം എന്നിവക്കായി 4,00,000/-രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മേൽ ബിൽ പ്രകാരമുള്ള 108434/- രൂപ കേരള വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരത്തിന്റെ 35810483408 നമ്പർ അക്കൗണ്ടിലേക്ക് 20.03.2017തിയ്യതിയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ആയതിന് 9/5/17 തിയ്യതിയിലെ രശീതി ലഭിക്കുകയും ചെയ്തു.

25.01.2016ലെ സ.ഉ.(സാധാ)280/16/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗേൾസ് ടോയ് ലെറ്റ് കം വെൻഡിംഗ് മെഷീനും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാനാവശ്യമായ തുകയുടെ 50% മുൻകൂറായി വനിതാ വികസന കോർപ്പറേഷന് നല്കാവുന്നതും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ ശേഷം ബാക്കി തുക കൂടി നല്കാവുന്നതുമാണ്. എന്നാൽ ടോയ് ലെറ്റ് കം വെൻഡിംഗ് മെഷീനും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നത് സംബന്ധിച്ച് വനിതാ വികസന കോർപ്പറേഷനിൽ നിന്ന് എസ്ററിമേററ് ലഭ്യമാക്കിയിട്ടില്ല.എസ്ററിമേററ് ലഭ്യമാക്കാതെ തുക നല്കിയത് ക്രമപ്രകാരമല്ല.നല്കിയ തുകയുടെ രശീതി ലഭ്യമായതൊഴികെ വിനിയോഗ സാക്ഷ്യപത്രമോ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയോ ഫയലിൽ ലഭ്യമല്ല.

06/19.06.2017നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ വനിതാ വികസന കോർപ്പറേഷനെതിരെ പൈലറ്റ് പ്രോജക്റ്റ് നടപ്പിലാക്കിയ ഏജൻസി WP(c).No.2493/17 ഫയൽ ചെയ്തതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ പോയതെന്നും സ്പിൽ ഓവർ പ്രോജക്റ്റ് മുഖേന പ്രവൃത്തി പൂർത്തീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്.എന്നാൽ എസ്റ്റിമേറ്റില്ലാതെ മുൻകൂർ നൽകിയത് സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല. ആയതിനാൽ എസ്ററിമേററ് ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തീകരിച്ച് ആയതിന്റെ വിവരവും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 3-11 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയിൽ കുറവ്

പ്രോജക്റ്റ് നം.: S0050/17

ബിൽ നം. : 08/16-17 തീയതി: 22.03.201 : തുക: 10,00,000/- വികസന ഫണ്ട്

നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

01.01.2016ലെ ജി.ഒ.(എം.എസ്)04/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയുടെ അടിക്കുറിപ്പ് (1)പ്രകാരം പ്രോജക്ടിനുള്ള ഫണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വഹിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |

| | | |
|---|---|---|
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19200രൂപയ്ക്കും അർഹതയുണ്ട്.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക, സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവായിട്ടാണ് നൽകിയിട്ടുള്ളത്. ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന 93 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 62 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. 58പേർക്ക് 13,014 രൂപയും ഒരു കുട്ടിക്ക് 7,588(മെഡിക്കൽ സാക്ഷ്യപത്രം ലഭ്യമായ തീയതി മുതൽ കണക്കിലെടുത്തതിനാൽ) രൂപയും സ്കൂളിൽ പോയി പഠനം നടത്താൻ കഴിയാത്ത 3 കുട്ടികൾക്ക് 12,000/- രൂപയുമാണ് വിതരണം ചെയ്തത്.പ്രത്യേക കാരണമില്ലാത്ത 58 കുട്ടികൾക്ക് (18200-13014) 5,186 രൂപാ വീതം നഷ്ടപ്പെട്ടിട്ടുണ്ട്. ആകെ 3,00,788/-രൂപ.

പ്രോജക്ടിനുള്ള ഫണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഉചിതമായില്ല. സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-12 ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ട് (നം.10/16-17) പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോ ഫാർമസി യിൽ ബിൽ. നമ്പർ 1/16-17 തിയതി 28.1.2017 പ്രകാരം 150,000 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്ഥാപനം മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം മുൻകൂട്ടി പണം നല്കുന്നതിന് മുമ്പ് സ്ഥാപനവുമായി നിയമപ്രകാരം കരാർ ഒപ്പുവച്ചിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് വിശദീകരണം ആരാഞ്ഞതിൽ, മരുന്നു ലഭ്യമാകാൻ ഇനിയും 8 മാസമെങ്കിലും സമയമെടുക്കാനിടയുണ്ടെന്നും അതു വരെ വിതരണം ചെയ്യാനുള്ള മരുന്നു ആശുപത്രിയിൽ സ്റ്റോക്കുണ്ടെന്നും അറിയിക്കുകയുണ്ടായി. സാമ്പത്തിക വർഷം കഴിഞ്ഞ് എട്ട് മാസത്തേക്ക് ആവശ്യമായ മരുന്ന് സ്റ്റോക്ക് ഉണ്ടായിരുന്നു എങ്കിൽ ഇത്തരത്തിൽ പ്രൊജക്ട് തയ്യാറാക്കി പണം ചെലവഴിച്ചത് പദ്ധതി പണം മുൻകൂട്ടി പണം പിൻവലിക്കുന്നത് സംബന്ധിച്ച 12.4.2006 ലെ GO (P)177/06 നമ്പർ ഉത്തരവിലെ നിർദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

മരുന്ന് ലഭ്യമായതിന്റെ വിശദാംശം ഹാജറക്കുന്നത് വരെ ചെലവു തുക രൂപ തടസം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 150000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ഇല്ല | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 110000 | | ഇല്ല | 110000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ബിൽ /ചെക്ക് നം. | മുൻകൂർ നലകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുറുവ ഗ്രാമീണ ശുദ്ധജല പദ്ധതി | 41600352 | 10,18,607 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | |
| | | 41600353 | 9,81,393 | | |
| ആകെ | | | 20,00,000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി | ജി ഒ 1522/2010 എൽ എസ് ജി ഡി | 2825000 | 1400000 | ഇല്ല | | 1400000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം/വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തി- അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,91,88,071 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,08,24,268 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13242 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1220000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 13242 | ഉത്തരവാദികളായ സെക്രട്ടറിമാരുടെ പേരു വിവരവും മേൽ വിലാസവും റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,75,000 | ശ്രീമതി നസീമ.കെ., ഡി.ഇ.ഒ. |
| 3-3 | 4,20,000 | ശ്രീ.ഹബീബ്.വി.എച്ച്.,സെക്രട്ടറി |
| 3-6 | 50,000 | ശ്രീമതി.ആനിയമ്മ ജോർജ്, അസി.സെക്രട്ടറി |
| 3-8 | 6,00,000 | ഡോ.പ്രസന്നകുമാർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-12 | 1,50,000 | ഡോ.സുമയ്യ.പി,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 12,20,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഖണ്ഡിക 3-4ലെ നഷ്ടത്തിന് ഉത്തരവാദികളായ സെക്രട്ടറിമാരുടെ പേര്, ഉദ്യോഗപ്പേര്,ഔദ്യോഗിക/സ്ഥിര മേൽ വിലാസം എന്നിവ ലഭ്യമാക്കേണ്ടതാണ്. | | |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി07.10.10 | 21 | |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 21 | |
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 13 | |
| 1999-2000 | എൽ എഫ് എം 14/570/03 തിയ്യതി 07.10.10 | 14 | |
| 2000-01 | എൽ എഫ് എം 11/573/03 തിയ്യതി 07.10.10 | 19 | |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 25 | |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 | |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 13 | |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 16 | |
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 15 | |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 22 | |

| | | | |
|---|---|---|---|
| 2007-08 | എൽ എഫ് എം 11/2041/10 തിയ്യതി 18.02.11 | 14 | |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 11.10.11 | 5 | |
| 2009-10,10-11 | എൽ എഫ് എം 11/2189/13 തിയ്യതി 17.01.12 | 27 | |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 28.03.15 | 22 | |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016 തിയ്യതി 11.07.16 | 25 | |
| 2015-16 | കെ എസ് എ എം പി എം 11/2684/2016 തിയ്യതി 24.10.16 | 14 | |

# 5-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM13/1432/17

Kerala State Audit Department.
District Audit Office, Malappuram
PIN - 676 505, Phone: 0483 2734951
e - mail. dompm.ksad@kerala.gov.in
Dated.01/08/17

CERTIFICATE

Certified that I have examined the Annual Financial Statement of Kuruva Grama Panchayat for the year ended on 31-03-2017 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Kuruva Grama Panchayat for the year 2016-17 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Kuruva Grama Panchayat
3. The Deputy Director of Panchayat, Malappuram
4. Office Copy.
5. Spare.

എം.ൻ..8/17

നം.കെ.എസ്.എ.എം.പി.എം.11/1432/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 01-08-2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, കുറുവ ഗ്രാമപഞ്ചായത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
4. കാര്യാലയ പ്രതി.